എന്റെ ബന്ധുക്കൾ ആരും കോവളത്ത് ഭൂമി കയ്യേറിയിട്ടില്ല. പ്രതിപക്ഷ നേതാവ് ഉന്നയിച്ച ആരോപണം അടിസ്ഥാനരഹിതമാണ്, അവാസ്തവമാണ്, ദുരുപദിഷ്ടമാണ്. ഞാൻ അത് നിഷേധിക്കുന്നു.

മി. സ്പീക്കർ: രേഖ പരിശോധിച്ച് ആക്ഷേപാർഹമായ എന്തെങ്കിലും ഉണ്ടെങ്കിൽ എക്സ്പഞ്ച് ചെയ്യാം.*

VII. സമയം ദീർഘിപ്പിക്കുന്നതിനുള്ള പ്രമേയം

2003-ലെ കേരള സർവ്വകലാശാലകൾ ബില്ലിനെ സംബന്ധിച്ച് ആറാം സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സമയം 2005 ഫെബ്രുവരി 10-ാം തീയതിവരെ ദീർഘിപ്പിക്കണമെന്ന പ്രമേയം

മി. സ്പീക്കർ: ആറാം സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് തയ്യാറായിട്ടുള്ള സാഹചര്യത്തിൽ ഇത് മൂവ് ചെയ്യേണ്ട കാര്യമുണ്ടോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ) : ഇല്ല.

ശ്രീ. എം. വി. ജയരാജൻ : അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ള ഒരു കാര്യം 2005-ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) ബിൽ മാർച്ച് മൂന്നിന് പരിഗണിക്കണം എന്നതാണ് ബി.എ.സി. റിപ്പോർട്ടുപ്രകാരം വരാൻ പോകുന്നത്. പക്ഷേ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് യഥാർത്ഥത്തിൽ ഈ ബിൽ പിൻവലിക്കാനാണ്. ഫ്ളോറിലുള്ളത് 2003 ആഗസ്റ്റ് മാസം അഞ്ചാം തീയതി ഇൻട്രഡ്യൂസ് ചെയ്തതും ആറാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചിട്ടുള്ളതുമായ ബില്ലാണ്. ആ ബില്ലിന്റെ സ്ഥിതി എന്താണ്? ആ ബിൽ പിൻവലിക്കാതെ പുതിയൊരു ബിൽ കൊണ്ടുവരുന്നത് ശരിയല്ല. 94-ാം ചട്ടം പറയുന്നത് നിലവിൽ ഒരു ബിൽ അവതരിപ്പിച്ചാൽ ആദ്യത്തെ ബിൽ പിൻവലിക്കുകയാണ് വേണ്ടത് എന്നാണ്. ആ ബിൽ പിൻവലിക്കാനുള്ള ഒരു കാര്യവും ഇപ്പോൾ ചെയ്യുന്നില്ല. അത് പിൻവലിക്കാനുള്ള നടപടി ഫ്ളോറിൽ വരാതെ നമ്മൾ ഒരു പുതിയ ബിൽ കൊണ്ടുവരുന്നത് ശരിയാണോ? യഥാർത്ഥത്തിൽ സബ്ജക്ട് കമ്മിറ്റി തീരുമാനവും ബി.എ.സി-യുടെ തീരുമാനവും മറച്ചുവയ്ക്കുന്നത് എന്തിനാണ്?

മി. സ്പീക്കർ : ബഹുമാനപ്പട്ട അംഗം പറഞ്ഞ കാര്യം പരിശോധിച്ചു തന്നെയാണ് ചെയർ മന്ത്രിയോട് ചോദിച്ചത്. മന്ത്രി പ്രസ് ചെയ്യുന്നില്ലെന്ന് പറഞ്ഞു. കാര്യം അവസാനിച്ചു. കാരണം നീട്ടിക്കൊണ്ടുപോകാൻ ഉദ്ദേശിക്കുന്നില്ല; അത് പിൻവലിക്കണമെന്ന കാര്യമാണ് കമ്മിറ്റി ചർച്ച ചെയ്ത് പിൻവലിക്കാൻ ശുപാർശ ചെയ്തത്. ഇതിന്റെ വെളിച്ചത്തിൽ മന്ത്രി സമ്മതിക്കുകയും ചെയ്തു.

VIII. റിപ്പോർട്ട് സമർപ്പണം

1. കാര്യോപദേശക സമിതിയുടെ ഇരുപത്തിരണ്ടാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, കാര്യോപദേശക സമിതിയംഗവും സഭാനേതാവുമായ ഞാൻ സമിതിയുടെ ഇരുപത്തിരണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2. 2003-ലെ കേരള സർവ്വകലാശാലകൾ ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്.

---

* ഫയൽ നമ്പർ 98/ഇബി/2005/ലെജി. തീയതി 14-2-2005 പ്രകാരം നിലനിർത്താൻ തീരുമാനിച്ചു

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി മുഹമ്മദ് ബഷീർ) : സർ, വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ആറാം സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനുമായ ഞാൻ 2003-ലെ കേരള സർവ്വകലാശാലകൾ ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

3. 2005-ലെ കേരള കണ്ടിജൻസി ഫണ്ട് (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ) : സർ, ധനകാര്യവും എക്സൈസും വകുപ്പുമന്ത്രിയും എട്ടാം സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനുമായ ഞാൻ 2005-ലെ കേരള കണ്ടിജൻസി ഫണ്ട് (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

IX. റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ ഇരുപത്തിരണ്ടാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : കാര്യോപദേശക സമിതിയുടെ 22-ാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) : സർ, ഞാൻ പിൻതാങ്ങുന്നു.

മി. സ്പീക്കർ : റിപ്പോർട്ട് അംഗീകരിച്ചിരിക്കുന്നു.

X. നിയമനിർമ്മാണകാര്യം

2005-ലെ കേരള ധനകാര്യ ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ) : സർ, 2005-ലെ കേരള ധനകാര്യ ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച എട്ടാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. ടി. പി. എം. സാഹിർ : സർ, 2005-ലെ കേരള ധനകാര്യ ബിൽ പൊതു ജനാഭിപ്രായം ആരായുന്നതിനായി 10-3-2005-വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സാജു പോൾ : സർ, 2005-ലെ കേരള ധനകാര്യ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. വി. കുഞ്ഞിരാമൻ : സർ, കേരള ധനകാര്യ ബിൽ കേരള ഗവൺമെന്റിന്റെ നികുതി വരുമാനം ലഭ്യമാക്കുന്നതിനാവശ്യമായ ഒട്ടേറെ

LIBRARY ARCHIVES Kerala Legislative Assembly